(സി) കെ. എസ്. ആർ. ടി. സി. യിലെ നിയമനങ്ങൾക്കെതിരെ ഹൈക്കോടതിയിൽ നിന്നും സ്റ്റേ നൽകിയിട്ടുണ്ട്. സ്റ്റേ നീക്കികിട്ടാൻ അടിയന്തിര നടപടികൾ എടുത്തിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രത്യേക വീട് നിർമ്മാണ പദ്ധതി

1379 [2060] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ആർ. എൽ. ഇ. ജി. പി., എൻ്. ആർ. ഇ. പി. തുടങ്ങിയ പദ്ധതികൾക്ക് പുറമേ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രത്യേക വീട് നിർമ്മാണ പദ്ധതി ഗ്രാമവികസന വകുപ്പ് ആവിഷ്കരിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വീട് നിർമ്മാണ പദ്ധതിയുടെ പേരെന്താണെന്നു വ്യക്തമാക്കുമോ ;

(സി) പുതിയ പദ്ധതികൾ പ്രകാരം സംസ്ഥാനത്ത് എത്ര വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

പാലക്കാട് വികസന ബ്ലോക്കിൽ വീടുകളുടെ നിർമ്മാണത്തിന് അനുവദിച്ച ഗോതമ്പ്

1380 [2061] ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പാലക്കാട് വികസനബ്ലോക്കിൽ ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. വീടുകളുടെ നിർമ്മാണത്തിനു അനുവദിച്ച 668 ടൺ ഗോതമ്പ് മറിച്ചു വിറ്റതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനു ഉത്തരവാദിയായ ബി. ഡി. ഒ. യുടെ പേരിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) പരാതി ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിൻ്റെ കോപ്പി മേശപ്പുറത്തു വയ്ക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) പരാതിയിൻമേൽ പാലക്കാട് ജില്ലാകളക്ടർ അന്വേഷണം നടത്തി ഒരു റിപ്പോർട്ട് ഗവൺമെൻറിനു കിട്ടിയിട്ടുണ്ട്. അതിൻമേൽ കൂടുതൽ വിവരങ്ങൾ ജില്ലാകളക്ടറോട് ചോദിച്ചിരിക്കയാണ്.

LIBRARY ARCHIVES Kerala Legislative Assembly